## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള 2010 ലെ പൊതു തിരഞ്ഞെടുപ്പ് - അധിക ജോലി ചെയ്ത ജീവനക്കാർക്ക് മാനവേതനം അനുവദിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു..

===============================================================================

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

സ.ഉ.(സാധാ) നം 2039/ 2011 /തസ്വഭവ തിരുവനന്തപുരം, തീയതി, 27/08 /2011.

===============================================================================

പരാമർശം:- 1. സ.ഉ. (സാധാ ) 630/11/തസ്വഭവ, തീയതി, 26.02.2011.
2. കേരളാ ഗവൺമെന്റ് ഡ്രൈവേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റി തിരുവനന്തപുരം 10.03.2011 ൽ സമർപ്പിച്ച നിവേദനം.

### ഉത്തരവ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള 2010 ലെ പൊതുതിരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട് അധിക ജോലികൾ നിർവ്വഹിച്ച സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മാനവേതനം (Honorarium) അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അധിക ജോലികൾ നിർവ്വഹിച്ചതിന് മാനവേതനം അനുവദിച്ചുകൊണ്ടുള്ള പ്രസ്തുത ഉത്തരവിലെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിലെ ഡ്രൈവർ/ ടൈപ്പിസ്റ്റ് എന്നീ വിഭാഗം ജീവനക്കാർ പരാമർശം (2) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിച്ച ജീവനക്കാർക്ക് മാനവേതനം അനുവദിച്ചു കൊണ്ടുള്ള പരാമർശം (1) ലെ ഉത്തരവിലെ പട്ടികയിൽ പഞ്ചായത്ത്/ മുനിസിപ്പാ ലിറ്റികളിലെ ഡ്രൈവർ/ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാരെ കൂടി ഉൾപ്പെടുത്തി കൊണ്ട് ഉത്തരവാകുന്നു.

3. മാനവേതനം അനുവദിക്കുന്നത് ഒരു ഓഫീസിൽ നിന്നും പരമാവധി 5 പേർക്ക് എന്നത് 8 പേർക്ക് എന്നാക്കി നിജപ്പെടുത്തേണ്ടതാണ്.

4. പരാമർശം (1) ലെ ഉത്തരവ് മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി വരുത്തിയതായി കണക്കാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. ജമുന,
അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ)(ആഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേയ്ക്ക്)
ധനകാര്യ വകുപ്പ്(26-07-2011 ലെ 56824/ഡെ.വ.1/11/ധന പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ